ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 18.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ വിതരണോദ്ഘാടനം നിർവഹിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി; 9 കോടി 26 ലക്ഷത്തോളം കർഷകർക്കായി വിതരണം ചെയ്യത് 20,000 കോടിയിലധികം രൂപ.

   **Prime Minister Narendra Modi inaugurates 17th instalment of PM-Kisan Samman Nidhi. 20,000 crore distributed to about 9 crore 26 lakh farmers.**

2. സുസ്ഥിരവും സമ്മർദരഹിതവുമായ ജീവിതശൈലി അവലംബിക്കുന്നതിന് യോഗ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി . അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് കാഴ്ച പരിമിതർക്കായി ബ്രെയിൽ ലിപിയിലുള്ള യോഗ പ്രോട്ടോക്കോൾ പുസ്തകം പുറത്തിറക്കി കേന്ദ്രസർക്കാർ .

   **Yoga serve as a catalyst to inspire people, to embrace sustainable and stress free lifestyle says PM MODI. Central ministry launches a Common Yoga Protocol Book in Braille Script to support visually impaired people**

3. തന്ത്രപ്രധാനമായ സാങ്കേതിക പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് ഇന്ത്യ- യു.എസ് സുരക്ഷാ ഉപദേഷ്ടാക്കൾ ന്യൂഡൽഹിയിൽ ചർച്ച നടത്തി.

**India and US hold deliberations on initiative of Critical and Emerging Technology; Underscore their commitment on partnerships across strategic technology sectors.**

4. **ഇന്ത്യൻ ചലച്ചിത്രകാരൻ വിനോദ് ഗനാത്രയ്ക്ക് 'നെൽസൺ മണ്ടേല പുരസ്കാരം.**

**Indian film maker Vinod Ganatra conferred 'Nelson Mandela Lifetime Achievement Award.**

5. **കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്; തീരദേശത്ത് ഇന്നും നാളെയും ജാഗ്രതാനിർദേശം.**

**Heavy rain with thunder and lightning is likely in Kerala till Saturday; Coastal alert for today and tomorrow.**

6. **ട്വന്റി-20 ലോകകപ്പ് സൂപ്പർ 8 മത്സരങ്ങൾ നാളെ തുടങ്ങും.**

**Twenty-20 World Cup Super 8 matches will begin tomorrow.**

&&&&&&&&&&&&&&&&&&

## PM-UP-BIHAR

ഇന്ത്യയെ ഏറ്റവും വലിയ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കുന്നതിൽ കാർഷിക മേഖലയ്ക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. കർഷകരും യുവജനങ്ങളുമടക്കമുള്ളവരാണ് വികസിത ഇന്ത്യയുടെ ശക്തമായ തൂണുകളെന്നും പ്രധാനമന്ത്രി പറഞ്ഞു. പി എം കിസാൻ സമ്മാൻ നിധിയുടെ പതിനേഴാം ഗഡുവിന്റെ വിതരണോദ്ഘാടനം വാരാണസിയിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി അധികാരമേറ്റതിന് ശേഷമുള്ള അദ്ദേഹത്തിൻ്റെ മണ്ഡല

സന്ദർശനമാണിത്. 9 കോടി 26 ലക്ഷത്തോളം കർഷകർക്ക് 20,000 കോടിയിലധികം രൂപയാണ് വിതരണം ചെയ്യുത്.

(hold PM voice)

സ്വയം സഹായ സംഘങ്ങളിലെ 30,000 വനിതാ കർഷകർക്ക് കൃഷി സഖികൾക്കുള്ള സാക്ഷ്യപത്രവും പ്രധാനമന്ത്രി കൈമാറി. ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെ ശാക്തീകരണം ലക്ഷ്യമിട്ടുള്ളതാണ് കിസാൻ സഖി പരിപാടിയെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ പരിപാടിയിൽ പങ്കെടുത്തു. ഗംഗ ആരതിയിൽ പങ്കെടുത്ത പ്രധാനമന്ത്രി കാശി വിശ്വനാഥ ക്ഷേത്രത്തിലും ദർശനം നടത്തി. നാളെ ബിഹാർ സന്ദർശിക്കുന്ന പ്രധാനമന്ത്രി, നാളന്ദ സർവകലാശാലയുടെ രാജഗിരിയിലുള്ള ക്യാമ്പസ് ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

## GEORGE KURIYAN

പി എം കിസാൻ പദ്ധതിയുടെ പതിനേഴാം ഗഡു വിതരണത്തോടനുബന്ധിച്ച് കുമരകത്ത് നടന്ന കിസാൻ സമ്മേളനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. കേരളത്തിൽ കേന്ദ്ര സർക്കാർ പിന്തുണയോടെ കാർഷിക മേഖലയുടെ ആധുനികവൽക്കരണം നടന്നുവരികയാണെന്ന് കേന്ദ്ര സഹമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്ര മോദി രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കി ബാത്ത്' ഈ മാസം 30-ന്. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി നരേന്ദ്ര മോദി അധികാരമേറ്റ ശേഷം പ്രക്ഷേപണം ചെയ്യുന്ന മൻ കി ബാത്തിൻറെ ആദ്യ പതിപ്പായിരിക്കും ഇത്.

&&&&&&&&&&&&&&&&&&

## SURESH GOPI – MANN KI BAAT

മൻ കി ബാത്ത് പ്രതിമാസ റേഡിയോ പരിപാടിയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിൻറെ മൂന്നാം പതിപ്പിന് നാളെ തുടക്കമാകും. കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. ക്വിസ് മത്സരത്തോടൊപ്പം വായനാദിന പരിപാടിയും സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിൻകീഴിലുള്ള നെഹ്റു യുവകേന്ദ്രയാണ് ക്വിസ് മത്സരത്തിൻറെ സംഘാടകർ.

&&&&&&&&&&&&&&&&&&

## NSA US-INDIA MEET

തന്ത്രപ്രധാനമായ സാങ്കേതിക പങ്കാളിത്തം ശക്തിപ്പെടുത്താനുള്ള കാഴ്ചപ്പാടുകൾ സംബന്ധിച്ച്,ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ യു.എസ് സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. വളർന്നു വരുന്ന നിർണ്ണായക സാങ്കേതികവിദ്യകളുമായി ബന്ധപ്പെട്ട സംരംഭങ്ങൾ സംബന്ധിച്ചും ഇരുവരും ചർച്ച ചെയ്തു. ഈ വിഷയത്തിൽ യു.എസും - ഇന്ത്യയും തമ്മിലുള്ള രണ്ടാമത്തെ

യോഗമാണിത്. ഉൽപാദനം, വികസനം, ഗവേഷണം തുടങ്ങിയ മേഖലകളിൽ പരസ്പരം സഹകരിച്ചും ഒരേ ആശയങ്ങളുള്ള രാഷ്ട്രങ്ങളുമായി ഏകോപനം വർധിപ്പിച്ചും മുന്നോട്ടു പോകാനുള്ള പ്രതിബദ്ധതക്ക് ഇരു രാജ്യങ്ങളും ചർച്ചയിൽ ഊന്നൽ നൽകി.

&&&&&&&&&&&&&&&&&&

## VINOD GANATRA

അന്താരാഷ്ട്ര പ്രശസ്തനായ ഇന്ത്യൻ ചലച്ചിത്ര-പ്രവർത്തകൻ വിനോദ് ഗനാത്ര, 'നെൽസൺ മണ്ടേല ലൈഫ് ടൈം അച്ചീവ്മെൻ്റ് അവാർഡിന് അർഹനായി. ചലച്ചിത്ര മേഖലയിലെ സംഭാവനകൾക്ക് ദക്ഷിണാഫ്രിക്ക നൽകുന്ന നെൽസൺ മണ്ടേല പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് ശ്രീ വിനോദ് ഗനാത്ര. കുട്ടികളുടെ ചലച്ചിത്ര രംഗത്തിന് നൽകിയ മഹത്തായ സംഭാവനകൾ പരിഗണിച്ചാണ് ദക്ഷിണാഫ്രിക്കയിൽ നടന്ന ഏഴാമത് നെൽസൺ മണ്ടേല ചിൽഡ്രൻസ് ഫിലിം ഫെസ്റ്റിവലിൽ അദ്ദേഹത്തിന് പുരസ്കാരം സമ്മാനിച്ചത്. 36 ഓളം ദേശീയ അന്തർദേശീയ പുരസ്കാരങ്ങൾക്ക് ഗനാത്ര അര്ഹനായിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## PM YOGA LETTER- INTRO

വെള്ളിയാഴ്ച നടക്കാനിരിക്കുന്ന അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച് വിവിധ പരിപാടികളുമായി കേന്ദ്രസർക്കാർ. പ്രധാനമന്ത്രി നരേന്ദ്രമോദി ഗ്രാമപ്രധാന്മാർക്ക് യോഗയുടെ പ്രധാന്യം വ്യക്തമാക്കുന്ന കത്തയച്ചു.

***ഒരു റിപ്പോർട്ട്...............***

*(വോയിസ്)*

**&&&&&&&&&&&&&&&&&&&**

## PM YOGA LETTER-VOICE

അന്താരാഷ്ട്ര യോഗദിനത്തോടനുബന്ധിച്ച്. കാഴ്ച പരിമിതർക്ക് യോഗ പഠിക്കാനും പരിശീലിക്കാനും സഹായിക്കുന്ന ബ്രെയിൽ ലിപിയിലുള്ള യോഗ പ്രോട്ടോക്കോൾ പുസ്തകം കേന്ദ്രസർക്കാർ പുറത്തിറക്കി. സാമൂഹിക ഐക്യം പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയെയും യോഗ പരിപോഷിപ്പിക്കുന്നുവെന്ന് കേന്ദ്ര ആയുഷ് മന്ത്രി പ്രതാപ് റാവു ജാദവ് പറഞ്ഞു. വ്യക്തിപരവും സാമൂഹികവുമായ ക്ഷേമം പരിപോഷിപ്പിക്കുന്നതിലുള്ള യോഗയുടെ പങ്കാണ്, 'അവരവർക്കും സമൂഹത്തിനും വേണ്ടി യോഗ' എന്ന ഈ വർഷത്തെ പ്രമേയം ഉയർത്തിക്കാട്ടുന്നതെന്ന് അദ്ദേഹം വ്യക്തമാക്കി. പത്താമത് അന്താരാഷ്ട്ര യോഗ ദിനാചരണത്തോടനുബന്ധിച്ച് ഈ മാസം 21ന് ശ്രീനഗറിൽ നടക്കുന്ന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. അന്താരാഷ്ട്ര യോഗ ദിനത്തിന് മുന്നോടിയായി പ്രധാനമന്ത്രി ഗ്രാമപ്രധാൻമാർക്ക് കത്തയച്ചു. സുസ്ഥിരവും സമ്മർദരഹിതവുമായ ജീവിതശൈലി അവലംബിക്കുന്നതിന് ജനങ്ങളെ, പ്രത്യേകിച്ച് യുവാക്കളെ പ്രചോദിപ്പിക്കാൻ യോഗ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി കത്തിൽ വ്യക്തമാക്കി. യോഗയുടെയും തിനയുടെയും പ്രാധാന്യത്തെപ്പറ്റി ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് , സമഗ്രമായ ആരോഗ്യം എന്നത് ഒരു ജനകീയ പ്രസ്ഥാനമാക്കി മാറ്റണമെന്നും ശ്രീ മോദി ഗ്രാമപഞ്ചായത്ത് മേധാവികളോട് നിർദേശിച്ചു. പഞ്ചായത്ത് പരിസരങ്ങൾ, സ്കൂളുകൾ, അങ്കണവാടികൾ, സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ യോഗാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കാനും പ്രധാനമന്ത്രി അഹ്വാനം ചെയ്യു.

ന്യൂസ് ഡസ്ക് ആകാശവാണി.....

&&&&&&&&&&&&&&&&&&&

## SRILANKA-YOGA

ശ്രീലങ്കയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ സംഘടിപ്പിച്ച യോഗ മഹോത്സവത്തിന്റെ ഭാഗമായി, കെലാനിയ മഹാവിഹാരത്തിൽ യോഗ ക്ലാസ് സംഘടിപ്പിച്ചു. ക്ഷേമത്തിനായി യോഗ എന്നതായിരുന്നു വിഷയം. അന്താരാഷ്ട്ര യോഗദിനാചരണത്തിന്റെ ഭാഗമായാണ് രാജ്യത്തെ പ്രമുഖ സ്ഥലങ്ങളിൽ 10 ദിവസം നീണ്ടുനിൽക്കുന്ന യോഗ മഹോത്സവം സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&

## REV KARNATAKA-NYO

ദേശീയ യോഗ ഒളിമ്പ്യാഡിന് മൈസൂരിൽ തുടക്കമായി. കർണാടക ഗവർണർ താവർചന്ദ് ഗെലോട്ട് ഒളിമ്പ്യാഡ് ഉത്ഘാടനം ചെയ്തു. ഹർ ഘർ യോഗയിലൂടെ കർണാടകയെ ഇന്ത്യയിലെ മുൻനിര യോഗ സാക്ഷര സംസ്ഥാനമാക്കി മാറ്റാനുള്ള ശ്രമത്തിലാണ് സംസ്ഥാന സർക്കാരെന്ന് അദ്ദേഹം പറഞ്ഞു. മൈസൂരുവിൽ ഇത് ആദ്യമായാണ് ദേശീയ യോഗ ഒളിമ്പ്യാഡ് സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&&

## UP-HEATWAVE

രാജ്യത്തെ വടക്കൻ മേഖലയിൽ ശക്തമായ ഉഷ്ണതരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഡൽഹി, ഉത്തർപ്രദേശ് ഉൾപ്പെടെയുള്ള ഇടങ്ങളിൽ ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. ഉത്തർപ്രദേശിൽ റെക്കോഡ് ചൂടാണ് രേഖപ്പെടുത്തുന്നത്. യുപിയിൽ ഉഷ്ണ തരംഗം മനുഷ്യരെയും മൃഗങ്ങളെയും ബാധിച്ചിട്ടുണ്ട്. രാത്രിയിലും ചൂടിന് ശമനമില്ല.

കാലാവസ്ഥാ വകുപ്പിൻ്റെ കണക്കനുസരിച്ച്, ഇന്നലെ 47.6 ഡിഗ്രി സെൽഷ്യസ് രേഖപ്പെടുത്തിയ പ്രയാഗ്‌രാജ്, രാജ്യത്തെ ഏറ്റവും ചൂടേറിയ നഗരമാണ്. കുറഞ്ഞ താപനിലയും സാധാരണയിലും കൂടുതലായി രേഖപ്പെടുത്തി.

&&&&&&&&&&&&&&&&&&&

## KERALA - RAIN

കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മൂന്ന് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. തെക്കൻ ജില്ലകളിൽ ഇന്ന് ശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്നും മുന്നറിയിപ്പ് ഉണ്ട്. കേരള തീരത്ത് ഇന്നും നാളെയും തമിഴ്നാട് തീരത്ത് നാളെ രാത്രി 11.30 വരെയും ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രം അറിയിച്ചു. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം.

മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും ആന്ധ്രാ തീരത്തിനും മുകളിലായി ചക്രവാതച്ചുഴി രൂപപ്പെട്ടു. റായലസീമക്ക് മുകളിലായി മറ്റൊരു ചക്രവാതച്ചുഴി സ്ഥിതിചെയ്യുന്നു. ഈ മാസം 21,22 തീയതികളിൽ കേരളാ തീരത്തു പടിഞ്ഞാറൻ/ തെക്ക് പടിഞ്ഞാറൻ കാറ്റ് ശക്തമാകാൻ സാധ്യത. ഇതിന്റെ ഫലമായി ആ ദിവസങ്ങളിൽ കേരളത്തിൽ വ്യാപകമായ മഴയ്ക്ക് സാധ്യത. ഇന്ന് മുതൽ 20 വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്കും സാധ്യത.

&&&&&&&&&&&&&&&&&&&

## UNNATHI-K RADHAKRISHNAN

ഗോത്രവർഗ്ഗ കുടുംബ കേന്ദ്രങ്ങളെ കോളനികൾ എന്ന് വിശേഷിപ്പിക്കുന്നത് ഒഴിവാക്കുമെന്ന് മന്ത്രി കെ. രാധാകൃഷ്ണൻ. ഉന്നതി എംപവർമെൻറ് സൊസൈറ്റി ഓഫീസ് നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നോളജ് സിറ്റി പ്രഖ്യാപനവും തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി. പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന പ്രദേശങ്ങൾക്ക് കോളനി എന്ന പേര് നൽകുന്നതിന് പകരം എന്തു പേര് വേണമെന്ന് ആ പ്രദേശത്തുള്ളവർക്ക് തീരുമാനിക്കാമെന്നും മന്ത്രി പറഞ്ഞു. ആലത്തൂർ മണ്ഡലത്തിൽ നിന്ന് എൽ ഡി എഫ് സ്ഥാനാർത്ഥിയായി ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന്, പട്ടിക ജാതി - പട്ടിക വർഗ വികസന വകുപ്പ് മന്ത്രി സ്ഥാനവും എം.എൽ എ സ്ഥാനവും രാജിവെക്കുന്നതിന് തൊട്ടുമുൻപാണ് കെ. രാധാകൃഷ്ണൻ ഇക്കാര്യം വ്യക്തമാക്കിയത്.

&&&&&&&&&&&&&&&&&&

## NIYAMASABHA

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം നാളെ പുനരാരംഭിക്കും. 2024 - 25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളുടെ ചർച്ചയും വോട്ടെടുപ്പും നാളെ നടക്കും. അടുത്ത മാസം 25 വരെ നീളുന്ന സമ്മേളനം ഈ മാസം 10 നാണ് ആരംഭിച്ചത്.

&&&&&&&&&&&&&&&&&&

## T20 WORLD CUP CRICKET

ഐ സി സി ട്വൻ്റി-20 ലോകകപ്പിൻറെ സൂപ്പർ EIGHT മത്സരങ്ങൾക്ക് നാളെ തുടക്കമാകും. അമേരിക്കയും ദക്ഷിണാഫ്രിക്കയും തമ്മിലാണ് ആദ്യ മത്സരം. അവസാന ഗ്രൂപ്പ്

ഘട്ട മത്സരത്തിൽ അഫ്ഗാനിസ്ഥാനെതിരെ വെസ്റ്റ് ഇൻഡീസിന് 104 റൺ വിജയം.

&&&&&&&&&&&&&&&&&&

## RAJNATH-MEETING

പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ രാജ്നാഥ് സിങ്ങിന്റെ വസതിയിൽ കേന്ദ്ര മന്ത്രിമാരും ബിജെപിയുടെ മുതിർന്ന നേതാക്കളും കൂടിക്കാഴ്ച നടത്തി. ഈ മാസം 24 മുതലാണ് പാർലമെന്റ് സമ്മേളനത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയും ലോക്സഭാ സ്പീക്കറുടെ തിരഞ്ഞെടുപ്പും നടക്കും. അടുത്ത മാസം മൂന്നിന് പാർലമെന്റ് സമ്മേളനം സമാപിക്കും.

&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&&&
&&&&&&&&
&&&&&&
&&&&
&&&
&&
&